**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3187** **04-08-2021 - ൽ മറുപടിയ്ക്ക്**

**സൂപ്പർ സ്പെഷ്യാലിറ്റി പഞ്ചകർമ്മ ആശുപത്രി ആന്റ് റിസർച്ച് സെന്റർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ആലപ്പുഴയിലെ ആയുർവേദ പഞ്ചകർമ്മ ആശുപത്രിക്ക്, ദേശീയ ആരോഗ്യ ദൗത്യം മുഖേന, സൂപ്പർ സ്പെഷ്യാലിറ്റി പഞ്ചകർമ്മ ആശുപത്രി ആന്റ് റിസർച്ച് സെന്റർ നിർമ്മാണത്തിനായി എത്ര തുകയാണ് അനുവദിച്ചിട്ടുള്ളത്; നിർമ്മാണച്ചുമതല ആർക്കാണ്; നിർമ്മാണ കരാർ എടുത്തത് ഏത് ഏജൻസിയാണ്; എന്നു മുതലാണ് നിർമ്മാണം ആരംഭിച്ചത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | വകുപ്പിന് കീഴിലുള്ള ആലപ്പുഴ ജില്ലയിൽ സർക്കാർ ആയുർവ്വേദ പഞ്ചകർമ്മ ആശുപത്രി സൂപ്പർ സ്പെഷ്യാലിറ്റി പഞ്ചകർമ്മ ആശുപത്രി ആന്റ് റിസർച്ച് സെന്റർ ആയി ഉയർത്തുന്നതിനുള്ള കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾക്കായി കേന്ദ്ര ആയുഷ് മന്ത്രാലയത്തിന്റെ Z.15015/2020/2009COE Ayush തീയതി 04.01.2012 ഉത്തരവ് പ്രകാരം ആദ്യം 5 കോടി രൂപ അനുവദിക്കുകയുണ്ടായി. തുടർന്ന് പ്രസ്തുത കെട്ടിട നിർമ്മാണത്തിനായി സർക്കാരിന്റെ 15.11.2018-ലെ GO(Rt) No.587/2018/Ayush നമ്പർ ഉത്തരവ് പ്രകാരം 5,34,68,286/- രൂപ (അഞ്ച് കോടി മുപ്പത്തിനാല് ലക്ഷത്തി അറുപത്തിയെട്ടായിരത്തി ഇരുനൂറ്റി എൺപത്തിയാറു രൂപ മാത്രം) റിവൈസിഡ് അഡ്മിനിസ്ട്രേറ്റീവ് സാങ്ഷൻ അനുവദിച്ച് ഉത്തരവായിട്ടുണ്ട്. ആയുർവേദ പഞ്ചകർമ്മ സൊസൈറ്റിയുടെ കീഴിലുള്ള ബഹു. ആരോഗ്യവകുപ്പ് മന്ത്രി ചെയർമാനായുള്ള 14 അംഗ ഗവേണിംഗ് ബോഡിക്കും ബഹു. ജില്ലാ കളക്ടർ ചെയർമാനായുള്ള 6 അംഗങ്ങളുടെ എക്സിക്യൂട്ടീവ് കമ്മിറ്റിക്കും ആണ് നിർമ്മാണ പ്രവർത്തനങ്ങളുടെ ചുമതല. നിർമ്മാണ കരാർ ഏറ്റെടുത്തത് HPL(ഹിന്ദുസ്ഥാൻ പ്രീഫാബ് ലിമിറ്റഡ്)എന്ന കമ്പനിയാണ് 28.12.2012-ലാണ് നിർമ്മാണ കരാർ എടുത്തിട്ടുള്ളത്. |
| (ബി) | അഞ്ചു നിലകളിലായി നിർമ്മിക്കാൻ പദ്ധതിയിട്ട കെട്ടിട നിർമ്മാണം വർഷങ്ങളായി മുടങ്ങിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന്റെ കാരണം വിശദമാക്കാമോ; | (ബി) | ഉണ്ട്. നിർമ്മാണ പ്രവർത്തനത്തിലുള്ള അപാകതകളെ കുറിച്ച് ആക്ഷേപം ഉണ്ടാകുകയും ആയതിന്റെ അടിസ്ഥാനത്തിൽ വിവിധ സർക്കാർ എഞ്ചിനീയറിംഗ് വിഭാഗത്തിലെ വിദഗ്ദർ നിർമ്മാണ സ്ഥലം സന്ദർശിക്കുകയും പ്രഥമ ദൃഷ്ടിയാൽ നിർമ്മാണ പ്രവർത്തനത്തിൽ പാളിച്ചകളുള്ളതായി റിപ്പോർട്ട് ചെയ്യുകയും ചെയ്തു രണ്ടാം ഗഡു ലഭ്യമായതിന് ശേഷം HPL-നോട് വർക്ക് പുനഃരാരംഭിക്കുവാൻ ആവശ്യപ്പെട്ടപ്പോൾ ഫണ്ട് |

| | | | |
|---|---|---|---|
| | | | ലഭ്യമാക്കുവാൻ കാലതാമസം ഉണ്ടായതിനാൽ ലഭ്യമായ തുകയ്ക്ക് പണി പൂർത്തീകരിക്കുവാൻ സാധ്യമല്ലായെന്ന് അറിയിക്കുകയുണ്ടായി 2013 ഒക്ടോബർ മുതൽ കെട്ടിട നിർമ്മാണം നിലച്ചിരിക്കുന്നതിനാൽ കാലപഴക്കം കൊണ്ടുള്ള ബലക്ഷയവും ഉണ്ടായിട്ടുണ്ട്. |
| (സി) | കെട്ടിട നിർമ്മാണം പുനരാരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (സി) | ഉണ്ട്. കെട്ടിട നിർമ്മാണത്തിലെ അപാകതകൾ ശ്രദ്ധയിൽപ്പെട്ടപ്പോൾ ഗവൺമെന്റിന് കീഴിലുള്ള വിവിധ എഞ്ചിനീയറിംഗ് ഏജൻസികൾ കെട്ടിടം പരിശോധിക്കുകയും നിർമ്മാണ പ്രവർത്തനത്തിലെ അപാകതകൾ പരിഹരിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശം സമർപ്പിക്കുകയുണ്ടായി. വിവിധ സർക്കാർ ഏജൻസികളുടെ നിർദ്ദേശങ്ങൾ വ്യത്യസ്തമായതിനാൽ 24.02.2021-ൽ കൂടിയ ഗവേണിംഗ് ബോഡിയിൽ എഞ്ചിനീയറിംഗ് വിദഗ്ധരടങ്ങുന്ന ഹൈലെവൽ കമ്മിറ്റി ടി നിർദ്ദേശങ്ങൾ പഠിച്ച് റിപ്പോർട്ട് നൽകുവാൻ ചുമതലപ്പെടുത്തി. ടി റിപ്പോർട്ട് ലഭ്യമാകുന്ന മുറക്ക് നിർമ്മാണ പ്രവർത്തനത്തിലെ അപാകത സ്വന്തം ചിലവിൽ നിർവ്വഹിക്കാമെന്ന് HPL(ഹിന്ദുസ്ഥാൻ പ്രീഫാബ് ലിമിറ്റഡ്) കമ്പനി സമ്മതിച്ചിട്ടുള്ളതാണ്. ടി പ്രപ്പോസൽ ഹൈലെവൽ കമ്മിറ്റിയുടെ സാങ്കേതിക വിദഗ്ദർ പരിശോധിച്ചുവരുന്നു. മാത്രമല്ല രണ്ടാം ഗഡു ലഭിക്കുവാനുള്ള കാലതാമസവും 2013 മുതൽ നിർമ്മാണം നിലച്ചിരിക്കുന്നതിനാൽ 2012–ലെ എസ്റ്റിമേറ്റ് തുക വെച്ച് പ്രോജക്ട് പൂർത്തീകരിക്കുവാൻ സാധിക്കാത്തതും നിർമ്മാണ പ്രവർത്തനം പുനരാരംഭിക്കുന്നതിന് തടസ്സം സൃഷ്ടിക്കുന്നുണ്ട്. |
| (ഡി) | കെട്ടിട നിർമ്മാണം പൂർത്തിയാക്കി പൊതുജനങ്ങൾക്ക് തുറന്നു കൊടുക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ഡി) | ഹൈ ലെവൽ കമ്മിറ്റിയുടെ സാങ്കേതിക വിദഗ്ദരുടെ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ഇക്കാര്യം ഉചിത തലത്തിൽ പരിശോധിച്ച് തീരുമാനം കൈക്കൊള്ളുന്നതാണ്. |

സെക്ഷൻ ഓഫീസർ